# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1426** **02.03.2017-ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ ജലാശയങ്ങളിലും കടലിലും വ്യാപകമായ തോതിൽ മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യ സമ്പത്ത് കുറയുന്നത് തടയാനും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും നടപടി ഉണ്ടാകുമോ; | ബി) മത്സ്യസമ്പത്ത് കുറയുന്നത് പരിഹരിക്കുന്നതിനായി മത്സ്യ, കൊഞ്ച് കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിക്കുക, സാങ്ച്വറികൾ നിർമ്മിക്കുക, കൃത്രിമ പാരുകൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സുസ്ഥിര മത്സ്യബന്ധനം ഉറപ്പുവരുത്തുന്നതിനുള്ള നിയമ നിർമ്മാണവും ആയത് കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടു ണ്ട്. ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യ സമൃദ്ധി, ഇന്നവേറ്റിവ് അക്വാകൾച്ചർ, ബ്ലൂ റവലൂഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) വ്യാപകമായ തോതിൽ പുഴമണലൂറ്റുന്നത് മൂലം ഉണ്ടാകുന്ന പരിസ്ഥിതാഘാതം മൂലമുള്ള മത്സ്യശോഷണം തടയാൻ നടപടികൾ ഉണ്ടാകുമോ? | സി) പുഴമണലൂറ്റുന്നതു മൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം മൂലം മത്സ്യശോഷണം തടയാൻ പുഴകളിൽ മത്സ്യ വിത്ത് നിക്ഷേപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു ണ്ട്. പുഴകളിലെ മത്സ്യശോഷണം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കാറു ണ്ട്. |

**സെക്ഷൻ ആഫീസർ**